**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**

**വെബ്സൈറ്റ്: www.prd.kerala.gov.in**


---

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂലൈ 02 ചൊവ്വ**

# സ്നേഹിതയിലെത്തുന്ന സ്ത്രീകൾക്ക് കൈത്താങ്ങായി ഐആംഫോർ ആലപ്പി

ആലപ്പുഴ: കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആലപ്പുഴ വെള്ളക്കിണറിന് സമീപം പ്രവർത്തിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സഹായ കേന്ദ്രമായ 'സ്നേഹിത' യിലേക്ക് ഐ ആം ഫോർ ആലപ്പിയുടെ സഹായത്തോടെ എട്ട് തയ്യൽ മഷീനുകളും മറ്റ് തയ്യൽ അനുബന്ധ ഉപകരണങ്ങളും നൽകി. സബ് കളക്ടർ വി.ആർ. കൃഷ്ണതേജയാണ് ഓക്സ്ഫാം ഇന്ത്യയുടേയും മൈക്രോസോഫ്റ്റിന്റേയും സഹായത്തോടെ തയ്യൽ മെഷീനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും എത്തിച്ചു നൽകിയത്.

ഗാർഹിക പീഡനം, വിഷാദം, വ്യക്തിപരമായ പ്രശ്നങ്ങൾ നേരിടുന്നവർ, കൗൺസലിംഗ് പോലെയുള്ള മാനസിക സഹായം ആവശ്യമുള്ളവർ, ഒറ്റപ്പെട്ട യാത്രക്കാർ തുടങ്ങിയ സ്ത്രീകളാണ് ആശ്രയം തേടി സ്നേഹിതയിലെത്തുന്നത്. കുടുംബശ്രീയുടെ തന്നെ സൂക്ഷ്മ സംരംഭ യൂണിറ്റായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 'ഇഴ' ടെയ്ലറിംഗ് യൂണിറ്റ് വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. സ്നേഹിതയിൽ എത്തുന്നവർക്കും സമീപ പ്രദേശങ്ങളിലെ താമസക്കാരുമായ നിർദ്ധനരായ സ്ത്രീകൾക്കുമാണ് ഇവിടെ നിന്നും സൗജന്യ പരിശീലനം നൽകുന്നത്. എഴുപതിയഞ്ച് നൈറ്റികളാണ് ആദ്യ ഘട്ടത്തിൽ സ്നേഹിത നൈറ്റികൾ എന്ന പേരിൽ വിപണിയിൽ ഇറക്കുന്നത്. ഇതിനാവശ്യമായ തുണികൾ ഉൾപ്പടെയുള്ള സാധനങ്ങളും ഐആംഫോർആലപ്പിയുടെ നേതൃത്വത്തിൽ ഇവിടെയെത്തിച്ചിട്ടുണ്ട്. കുടുബശ്രീയുടെ മാർക്കറ്റിംഗ് വിഭാഗത്തിലൂടെ തന്നെ ഇവിടെ നിർമ്മിക്കുന്ന ഉത്പ്പന്നങ്ങളുടെ വിപണനവും നടത്തും. ഇവിടെ സൗജന്യമായാണ് തയ്യൽ പരിശീലനം.

പതിനായിരത്തോളം ആളുകൾക്കാണ് പ്രളയാനന്തരം ഐആംഫോർആലപ്പി വഴി ഉപജീവനത്തിനുള്ള സഹായം ലഭിച്ചിട്ടുള്ളത്. ഉൾനാടൻ മത്സ്യ തൊഴിലാളികൾക്കുള്ള വള്ളങ്ങൾ, വലകൾ, പശു, ആട്, കോഴി, താറാവ് തുടങ്ങിയ വളർത്തു മൃഗങ്ങൾ, ഡ്രില്ലിംഗ് മെഷീനുകൾ, ചെണ്ടകൾ, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഉകരണങ്ങൾ തുടങ്ങിയവ ഇതിനകം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തു കഴിഞ്ഞു.
സ്നേഹിതയിലേക്കുള്ള തയ്യൽ മേഷീനുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടേയും വിതരണം സബ് കളക്ടർ വി.ആർ. കൃഷ്ണതേജ കുടുംബശ്രീ

ഡി.എം.സി. പ്രശാന്ത് ബാബുവിന് നൽകി നിർവ്വഹിച്ചു. എ.ഡി.എം.സി. കെ.ബി. ആജയകുമാർ, ഡി.പി.എം. സുനിത മിഥുൻ, സ്നേഹിതയിലെ ജീവനക്കാർ എന്നിവർ സന്നിഹിതരായിരുന്നു.

# നീർക്കുന്നം എസ് ടി വി സ്കൂൾ 'വായനത്തണലിൽ'

ആലപ്പുഴ:വായനാപക്ഷാചരണത്തിന്റെ ഭാഗമായി നീർക്കുന്നം എസ് ടി വി യു.പി.സ്കൂളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈവിധ്യപൂർണ്ണമായ പരിപാടികൾ സംഘടിപ്പിച്ചു. വായനത്തണലിൽ എന്നാണ് പരിപാടികൾക്ക് പേര് നൽകിയിരിക്കുന്നത്. പരിപാടിയുടെ ഭാഗമായി ഉദ്ഘാടന ദിവസം സ്കൂളിൽ നിന്ന് ഗ്രന്ഥശാലയിലേക്ക് പുസ്തകയാത്ര സംഘടിപ്പിച്ചു.പി.കേശവദേവിന്റെ ഓർമ്മദിനത്തിൽ സ്കൂളിലെ 40 ക്ലാസുകളിലും പ്രാദേശികസാംസ്കാരിക പ്രവർത്തകർ 40 പേർ കുട്ടികളുമായി സാഹിത്യ സംവാദം നടത്തി. സ്കൂൾ തല ഉദ്ഘാടനം കവയിത്രി പ്രൊഫ.അമൃത ഉദ്ഘാടനം ചെയ്തു.
എസ് എം സി ചെയർമാൻ എച്ച്.സലാം അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ മധുകുമാർ സ്വാഗതം പറഞ്ഞു. മാതൃസംഗമം പ്രസിഡന്റ് സീന, സുരേഷ്കുമാർ, സ്റ്റാഫ് സെക്രട്ടറി ദീപ ഗോപിനാഥ്, എസ്എംസി അംഗങ്ങളായ സുനീർ, ബിനു, സജിമോൻ,സുമ തുടങ്ങിയവർ പങ്കെടുത്തു.

അലിയാർ മാക്കിയിൽ, കെ.ബി.അജയകുമാർ,പുറക്കാട് ചന്ദ്രൻ, തോട്ടപ്പള്ളി രവീന്ദ്രനാഥ്, കൈനകരി സുരേന്ദ്രൻ, ജതീന്ദ്രൻ, ഷമീർ പട്ടരുമഠം, കേശവൻ, ഷിജിമോൻ, ഷുക്കൂർ, സുരേന്ദ്രനാഥ്, ഹംസ, പുന്നപ്ര അശോകൻ, രാജു കഞ്ഞിപ്പാടം, തുടങ്ങിയവർ സംവാദത്തിൽ പങ്കെടുത്തു.പദ്ധതിയുടെ ഭാഗമായി എല്ലാ ക്ലാസിലും ക്ലാസ്സ് റൂം ലൈബ്രറി സജ്ജീകരിച്ചു.

ഓരോ ലൈബ്രറിക്കും മലയാളത്തിലെ മണ്മറഞ്ഞുപോയ സാഹിത്യ നായകന്മാരുടെ പേരുകളാണ് നൽകിയിരിക്കുന്നത്.50 പുസ്തകങ്ങൾ എങ്കിലും എല്ലാ കുട്ടികളെ കൊണ്ടും വായിപ്പിക്കുവാൻ കൂടിയാണ് പദ്ധതി ലക്ഷ്യം വക്കുന്നത്.പ്രശസ്തരായ സാഹിത്യപ്രതിഭകളെ കുട്ടികൾക്ക് കൂടുതൽ മനസിലാക്കുവാൻ കഴിയുന്ന ഓരോ സാഹിത്യനായകരെയും കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങൾ വ്യാഴം, വെള്ളി ദിവസങ്ങളിൽ കുട്ടികൾക്കായി പ്രദർശിപ്പിക്കും.
തകഴി, കടമ്മനിട്ട ,വൈലോപ്പിള്ളി, വള്ളത്തോൾ,പി.കേശവദേവ്, സുകുമാർ അഴീക്കോട്, രാമു കാര്യാട്ട്,വി.സാംബശിവൻ, പി.പത്മരാജൻ തുടങ്ങിവരെക്കുറിച്ചുള്ള ഹ്രസ്വ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.ക്ലാസ്സ് റൂം ലൈബ്രററിയുടെ ഉദ്ഘാടനവും സമാപനചടങ്ങും 5 ന് ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടത്തും. സമാപന സമ്മേളനം ഗാനരചയിതാവ് രാജീവ് ആലുങ്കൽ ഉദ്ഘാടനം ചെയ്യും. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത് ക്ലാസ്സ് റൂം ലൈബ്രറി ഉദ്ഘാടനം ചെയ്യും.

ഫോട്ടോ ക്യാപ്ഷൻ : വായനാത്തണലിൽ . സാഹിത്യ ംസംവാദ പ്രൊഫ . അമൃത ഉദ്ഘാടനം ചെയ്യുന്നു